# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം നാലാം ഞായർ

**മർക്കോസ് 7,1-13**

ദൈവപ്രമാണങ്ങൾക്ക് പകരമായി, പൂർവ്വകൻമാരുടെ പാമ്പര്യങ്ങളുടെ പേര് പറഞ്ഞ് മാനുഷിക നിയമങ്ങൾ പ്രതിഷ്ഠിക്കുന്നതിനെതിരെയുള്ള സന്ദേശമാണ് ഈ സുവിശേഷ ഭാഗത്ത് നാം കണ്ടെത്തുന്നത്. ദൈവകൽപനകളും മാനുഷികപാരമ്പര്യങ്ങളും തമ്മിലുള്ള അന്തരം യേശു ചൂണ്ടുക്കാണിക്കുന്നു. ദൈവകൽപനകൾക്കുള്ള പ്രാധാന്യം മാനുഷിക പാരമ്പര്യങ്ങൾക്കില്ല. എങ്കിലും തങ്ങൾ സൃഷ്ടിക്കുകയും പാലിക്കുകയും ചെയ്യുന്ന പാരമ്പര്യങ്ങൾക്ക് വേണ്ടി ഫരിസേയനും നിയമജ്ഞരും ദൈവകൽപനകൾ പോലും അവഗണിക്കുന്നുവെന്ന് യേശു കുറ്റപ്പെടുത്തുന്നു.

മരിക്കുമ്പോൾ ഷൂം,
ടൈയും, കോട്ടും
ഇടുപ്പിച്ച് പെട്ടി
അലംങ്കരിച്ചാൻ
നാട്ടുക്കാർ പറയും
കൊള്ളാം!!!
ജീവിച്ചിരിക്കുമ്പോൾ ഷൂം,
ടൈയും, കോട്ടും
ഇടുപ്പിച്ച്
അലംങ്കരിച്ചാൻ
ക്രിസ്തു പറയും
"അന്ത്യദിനത്തിൽ നീ
എന്നോടു കൂടെ
പറുദീസായിൽ
ആയിരിക്കുമെന്ന്..."

ദൈവകൽപനകൾ യാതൊരു വിധത്തിലും ജനം ലംഘിക്കാതിരുക്കുന്നതിനായി റബ്ബിമാർ ദൈവകൽപനകളുമായി ബന്ധപ്പെട്ടു നിരവധി നിയമങ്ങൾ ഉണ്ടാക്കിയിരുന്നു. ദൈവകൽപ്പനകൾക്ക് ചുറ്റുമുള്ള വേലി കെട്ടുകൾ എന്ന രീതിയിലാണ് ഈ നിയമങ്ങൾ നിർവാഹങ്ങൾ നടത്തിയിരുന്നത്. എന്നാൽ കാലക്രമത്തിൽ ഈ മാനുഷിക നിയമങ്ങൾ ദൈവകൽപ്പനകളെ തന്നെ വളച്ചൊടിക്കാനും ലംഘിക്കാനും കാരണമായി. ഇതിനെ യേശു ചോദ്യം ചെയ്യുന്നത് സുവിശേഷത്തൽ പല സന്ദർഭങ്ങളിലും നമുക്ക് കാണാൻ സാധിക്കും.

ബാഹ്യമായ അനുഷ്ഠാനങ്ങൾക്ക് മാത്രം പ്രാധാന്യം നൽകുന്ന ഫരിസേയ മനോഭാവത്തെ ഏശയ്യാ പ്രവാചകന്റെ പ്രബോധനത്തെ ഓർമ്മിപ്പിച്ചുകൊണ്ട് ഈശോ കുറ്റപ്പെടുത്തുന്നു.



"ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ അകലെയാണ്" (മർക്കോ 7,6). ദൈവപ്രമാണങ്ങളുടെ ആന്തരീക ചൈതന്യത്തിൽ ജീവിക്കുമ്പോൾ മാത്രമെ ദൈവവചനം അർത്ഥ പൂർണ്ണമാകുകയൊള്ളു.

മാതാപിതാക്കളെ ബഹുമാനിക്കുക എന്നത് ദൈവകല്പനയാണ് (പുറ 20,12-16). മാതാപിതക്കൻമാർക്ക് സാമ്പത്തിക സഹായം നൽകാനും അവർക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകാനും ഈ കൽപന മക്കളെ ചുമതലപ്പെടുത്തുന്നു. നേർന്ന് കഴിഞ്ഞ വഴിപാട് (കൊർബ്ബാൻ) ഒരിക്കലും പിൻവലിക്കാൻ പാടില്ലത്തത് പൂർവ്വികൻമാരുടെ പാരമ്പര്യത്തിൽപ്പെട്ട കാര്യമായിരുന്നു. തങ്ങളുടെ കൈവശമുള്ള വസ്തുവകകളെ ദൈവത്തിനുള്ള 'കൊർബ്ബാൻ' അഥവാ നേർച്ചായയി പ്രഖ്യാപിക്കാനും സമർഷക്കാനും യഹൂദപാരമ്പര്യം ഒരുവനെ അനുവദിച്ചിരുന്നു. എന്നാൽ 'കൊർബ്ബാനായി' സമർപ്പിക്കപ്പെട്ട വസ്തു ദേവാലയത്തിൽ ഉടനെ തന്നെ കൊടുക്കണമെന്നോ, ആ

വസ്തു തുടർന്ന് അതിന്റെ ഉടമ ഉപയോഗിക്കുവാൻ പാടില്ലന്നോ അർത്ഥമില്ലായിരുന്നു. എന്നാൽ, മറ്റാർക്കെങ്കിലും അതിൻമേൽ അവകാശം ഉന്നയിക്കാൻ അനുവാദമുണ്ടായിരുന്നില്ല. തങ്ങളുടെ വസ്തുകളിൻമേൽ മാതാപിതാക്കൾക്കുള്ള അവകാശം പോലും ഇത്തരണത്തിലുള്ള 'കൊർബ്ബാൻ' പ്രഖ്യാപനത്തിലൂടെ സൂത്രത്തിൽ ഒഴിവാക്കാൻ മക്കൾക്ക് സാധിക്കുമായിരുന്നു. 'കൊർബ്ബാൻ' പാരമ്പര്യം അങ്ങനെ ദൈവകല്പനകളുടെ നഗ്നമായി ലംഘിക്കുന്നതിനുള്ള മറയായി മാറി. "ദൈവത്തിന് സമർപ്പിക്കുക" എന്ന ഭക്താനുഷ്ഠാനം വാസ്തവത്തിൽ ദൈവകൽപനയിലധിഷ്ഠിതമായ ഉത്തരവാദിത്തത്തെ മറികടക്കാവുള്ള ഒരു സൂത്രം മാത്രമായി അധഃപതിച്ചു.

ആത്മീയതയെ കുറിച്ചുള്ള ശരിയായ കാഴ്ച്ചപ്പാട് ലഭിക്കാൻ ഈ സുവിശേഷ ഭാഗം നമ്മെ സഹായിക്കുന്നുണ്ട്. ദൈവപ്രമാണങ്ങളെ അവയുടെ ആന്തരീക ചൈതന്യത്തോടുകൂടെ ഹൃദയത്തൽ സ്വീകരിച്ച് വളച്ചൊടിക്കാതെ അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കി ജീവിക്കുന്നതാണ് യഥാർത്ഥ ആത്മീയത.

ഭക്താനുഷ്ഠനത്തിന് അമിത പ്രാധാന്യം നൽകുമ്പോൾ ദൈവപ്രമാണങ്ങളുടെ ആന്തരീക ചൈതന്യത്തിന് കോട്ടം സംഭവിക്കുന്നുണ്ടോയെന്ന് ആത്മപരിശോധന ചെയ്യേണ്ടതാണ്. ഭക്തി യഥാർത്ഥ ആത്മീയതയിലേയ്ക്ക് മനുഷ്യരെ നയിക്കുന്ന ഒരു മാർഗ്ഗം മാത്രമാണ്. ഭക്തി അതിന്റെ മാത്രം യഥാർത്ഥ ആത്മീയതയല്ല. മതപരമായ ഭക്താനുഷ്ഠാനങ്ങൾ ചിലർക്കെങ്കിലും അവരുടെ യഥാർത്ഥ ജീവിതത്തിന് ഒരു മറയായി മാറുന്നുണ്ട്. ജീവിതത്തിലെ വേദന നിറഞ്ഞ യാഥാർത്ഥങ്ങളിൽ നിന്ന് ഓടിയകലാൻ ചിലരെങ്കിലും ഭക്തിയുടെ മാർഗ്ഗം ദുരുപയോഗിക്കുന്നുണ്ട്. ഈ തിൻമക്കെതിരെയാണ് ഈശോ ഈ സുവിശേഷ ഭാഗത്തിലൂടെ നമ്മെ പ്രബുദ്ധരാക്കുന്നത്.

റവ.ഫാ.ഡോ. ജോജി കല്ലിങ്ങൽ

*ദൈവത്തിന്റെ*
*പ്രമാണങ്ങളും*
*മനുഷ്യരുടെ*
*പാരമ്പര്യങ്ങളും*
*രണ്ട് തുലാസിലുണ്ട്...*
*ഏതിനാണ്*
*ഞാൻ പ്രാധാന്യം*
*കൊടുക്കേണ്ടത്?*

*മുഖമൂടിയാൽ*
*മറയ്ക്കപ്പെട്ട*
*മുഖത്തോട് കൂടിയവൻ*
*അഭിനയിക്കുകയാണ്;*
*ജീവിക്കുകയല്ല.*
*ഞാൻ അഭിനയിക്കുകയോ*
*അതോ ജീവിക്കുകയോ???*